പോലീസ് എത്തിയത്. ഇവിടെ മാത്രമല്ല, കേരളത്തിൽ അക്രമം കൂടാനുള്ള ഒരു പ്രധാന കാരണം ഒരു വിഭാഗത്തിൽപ്പെട്ട ആളുകൾ അക്രമം നടത്തിയാൽ അവർക്ക് എല്ലാവിധത്തിലുള്ള സംരക്ഷണവും പോലീസ് കൊടുക്കുന്നു. ഈ നയത്തിന് മാറ്റമുണ്ടാകണം. ഈ നയം മാറിയില്ലെങ്കിൽ ഇവിടെ വളരെ ഗുരുതരമായ സംഭവങ്ങൾ ഇനിയും ഉണ്ടാകും. എനിക്ക് തോന്നുന്നത് കണ്ണൂരിലൊക്കെ നിർമ്മിച്ച ബോംബുകളും ആയുധങ്ങളും തലസ്ഥാന നഗരിയിൽ വന്നോ എന്നാണ്. കാര്യങ്ങൾ ആ നിലയ്ക്ക് നീങ്ങുകയാണ്. ഇത് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. എനിക്ക് പറയാനുള്ളത് ഇതിനെതിരെ ശക്തമായ നടപടിയെടുക്കണമെന്നാണ്. തലസ്ഥാനനഗരിയിലും പോലീസും ഗവൺമെന്റും ദയനീയമായി പരാജയപ്പെട്ടുവെങ്കിൽ കേരളത്തിൽ എവിടെയാണ് ആളുകൾക്ക് രക്ഷയുള്ളത്? ഒരു പ്രധാനപ്പെട്ട പത്രം ഓഫീസിനകത്ത് ഇത്രയും സംഭവങ്ങൾ നടന്നിട്ട് കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ഒരു ഗവൺമെന്റ് ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? അങ്ങേയ്ക്ക് ഈ മറുപടി പറയാൻ നാണമില്ലേ? അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇതിന്മേൽ ശക്തമായ നടപടിയുണ്ടാകണമെന്നാണ്. പോലീസിനെ ഒരു പാർട്ടിയുടെ ആയുധമാക്കി, ചട്ടുകമാക്കി മാറ്റാൻ പാടില്ല. ഇത് അതീവ ഗുരുതരമായ ഒരു സംഭവമായതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകർ സി.പി.ഐ.(എം) ഓഫീസിന് നേരെ ബോംബെറിഞ്ഞ സംഭവത്തെ അപലപിക്കുകയല്ല, ന്യായീകരിക്കുന്ന പ്രസംഗമാണ് ഇവിടെ നടന്നത്.... (ബഹളം)..... പഴക്കച്ചവടക്കാരെ ആക്രമിച്ചവരിൽ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റിലായ ഉമേഷ് കുമാറും അനിൽ കുമാറും മുമ്പ് ബി.ജെ.പി. പ്രവർത്തകരായിരുന്നു.....(ബഹളം)..... പണമിടപാടാണ് അക്രമത്തിന് കാരണം. അക്രമം നടത്തിയത് പഴയ ബി.ജെ.പി.ക്കാരാണ്. അതിൽ ആറേഴ് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ്സ് അന്വേഷണം തുടരുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു.

IV. ശ്രദ്ധക്ഷണിക്കൽ

(1) നെൽക്കൃഷിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. എം. മുരളി : സർ, അനുദിനം കൃഷിക്കാരോട് വിടപറഞ്ഞുകൊണ്ടിരിക്കുന്ന കേരളത്തിലെ നെൽക്കൃഷിയുടേയും നമ്മുടെ നെൽക്കൃഷിമേഖലയുടേയും ജീവൽപ്രശ്നങ്ങളാണ് ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നെൽക്കൃഷി നഷ്ടമായതിനാൽ കഴിഞ്ഞ പത്തുപതിനെട്ട് വർഷങ്ങളായിട്ട് കേരളത്തിലെ നെൽക്കൃഷിക്കാർ ഋണബാദ്ധ്യതയുടെ നുകംപേറി തളർന്നുവീഴുകയാണ്. നെൽക്കൃഷിയിൽ തുടരാൻ നമ്മുടെ ഭൂവിനിയോഗ ഉത്തരവ് പരിഷ്ക്കരിച്ചതുകൊണ്ടോ സർക്കാരിന്റെ നിയമനടപടികൾ സ്വീകരിച്ചതുകൊണ്ടോ ഇനിയും നമ്മുടെ സംസ്ഥാനത്ത് കഴിയുകയില്ല. അത് കൂടുതൽ ദുരിതങ്ങൾ വിതയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ കാരണമാകൂ. നമ്മുടെ നെൽപ്പാടങ്ങൾ ഇന്ന് കണ്ണീർപ്പാടങ്ങളായി മാറിയിരിക്കുകയാണ്. നമ്മുടെ നെൽപ്പാടങ്ങളിൽ 20 ശതമാനവും 1999-2000-മാണ്ടിൽ കൃഷിക്ക് ഉപയുക്തമല്ലാതെ തരിശ് കിടക്കുകയാണ്. പലരും നാണ്യവിളകളിലേക്ക് തങ്ങളുടെ കൃഷി മാറ്റിക്കഴിഞ്ഞിരിക്കുന്നു. നെല്ലുൽപ്പാദനം കുറയുന്ന കണക്കുകളും നെൽക്കൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറയുന്ന കണക്കുകളും സാമ്പത്തിക സർവ്വേയിൽ ചൂണ്ടിക്കാണിക്കുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തന്നെ ഈ സഭയിൽ അത് പറഞ്ഞു. ഈ സഭയുടെ രണ്ട് ഭാഗത്തുനിന്നും ഈ രണ്ട് വസ്തുതകൾ ചൂണ്ടിക്കാണിച്ചു. പക്ഷേ, ഇവിടെ ഇക്കാര്യത്തെക്കുറിച്ച് പരിതപിച്ചിട്ട് മാത്രം കാര്യമില്ല. ഭൂവിനിയോഗ നിയമം പരിഷ്കരിച്ചതുകൊണ്ടോ കർശനമായ നടപടികൾ സ്വീകരിക്കാൻ കളക്ടർമാർക്ക് അധികാരം കൊടുത്തതുകൊണ്ടോ മാത്രം കാര്യമായില്ല. രണ്ടായിരാമാണ്ടിലെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് പ്ലാനിംഗ് കമ്മിഷനുമായി കൂലംകഷമായ ചർച്ചകൾ നടത്തി വരാൻപോകുന്ന ബഡ്ജറ്റിൽ 30 കോടി രൂപ കൃഷിമേഖലയ്ക്കുവേണ്ടി മാത്രം മാറ്റിവച്ചാൽ നഷ്ടത്തിലാണ്ടുകിടക്കുന്ന കേരളത്തിലെ നെൽക്കൃഷിക്കാരെ രക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിയും. അതിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ആന്ധ്രാപ്രദേശിലും പഞ്ചാബിലും നെൽക്കൃഷിക്കാർക്കുവേണ്ടി ആ സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ച നടപടികൾ സ്വീകരിക്കാൻ നമ്മളും തയ്യാറാകണം. ഞാൻ ആദ്യമായിട്ട് മുന്നോട്ടുവയ്ക്കുന്ന ഒരു കാര്യം, നെൽക്കൃഷിയുടെ കടങ്ങൾ എഴുതിത്തള്ളണമെന്ന് ഞാൻ പറയുന്നില്ല. ഒരു ഗവൺമെന്റിനും ആ ബാദ്ധ്യത ഏറ്റെടുക്കാൻ കഴിയില്ല. പക്ഷേ, കുറഞ്ഞത് രണ്ട് വർഷത്തേയ്ക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽനിന്നും എടുത്തിരിക്കുന്ന കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. ഞാൻ ഒരു കണക്കെടുത്തു. ഈ രണ്ടുവർഷത്തേയ്ക്ക് ഋണബാദ്ധ്യതയിൽ മുങ്ങിത്താഴുന്ന കർഷകർക്ക് അവരുടെ വായ്പകൾക്ക് ഒരു അവധി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചാൽ സഹായകരമാണ്. കേവലം 5 കോടി രൂപയുണ്ടെങ്കിൽ ഈ രണ്ടു വർഷത്തെ പലിശ കൊടുക്കാനും ഋണബാദ്ധ്യതയിൽ നിന്ന് ആശ്വാസം കിട്ടാനും കർഷകന് കഴിയും. അടുത്ത കൃഷിയിറക്കാൻ ഉള്ള പുതിയ വായ്പ ഈ സാമ്പത്തിക സ്ഥാപനങ്ങൾ നൽകും.

എന്റെ രണ്ടാമത്തെ ആവശ്യം കുട്ടനാട്, ഓണാട്ടുകര, പാലക്കാട്, തൃശ്ശൂർ കോൾനിലങ്ങൾ, മറ്റ് നെൽക്കൃഷിയിടങ്ങൾ, അവിടെയാണ് പ്രധാനമായി 30 ശതമാനത്തോളം വരുന്ന നെൽപ്പാടങ്ങളിൽ തരിശ് കിടക്കുന്നത്. ജനസേചന സൗകര്യങ്ങളുടെ കുറവ്, ജലനിർഗ്ഗമന സൗകര്യങ്ങളുടെ കുറവ്, ചെളിയെടുപ്പ് തുടങ്ങിയ നിരവധി പ്രശ്നങ്ങളുണ്ട്. അവിടെ പാഴായിക്കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിക്ക് ഉപയോഗമാക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കണം. ആന്ധ്രാപ്രദേശ്, പഞ്ചാബ് തുടങ്ങി മറ്റ് സംസ്ഥാനങ്ങൾ കോടിക്കണക്കിന് രൂപ അവിടത്തെ സംസ്ഥാന ഗവൺമെന്റുകൾ മുൻകൈയെടുത്ത് നബാർഡിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെന്റിനോടും കണക്ക് പറഞ്ഞ് വാങ്ങി കൃഷിയിടങ്ങളിൽ മുഴുവൻ പൊൻകതിരുകൾ ഉയർത്താൻവേണ്ടി വിനിയോഗിക്കുന്നുവെങ്കിൽ നമ്മൾ ഇനിയും കണക്ക് പറഞ്ഞ് നമ്മുടെ അവകാശങ്ങൾ വാങ്ങാൻ തയ്യാറാകണം. ഈ പാഴ്നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ കുട്ടനാടും ഓണാട്ടുകരയും ഉൾപ്പെടെയുള്ള കാർഷികമേഖലയിൽ തരിശ് കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കൃഷിക്ക് ഉപയുക്തമാക്കാനുള്ള നടപടിക്ക് സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കണം.

എന്റെ മൂന്നാമത്തെ ആവശ്യം കേന്ദ്രഗവൺമെന്റുമാത്രമേ ഇപ്പോൾ വളത്തിന് സബ്സിഡി നൽകുന്നുള്ളൂ. വളത്തിന്റെ വിലവർദ്ധനവ് പ്രധാനപ്പെട്ട പ്രശ്നമാണ്. കേന്ദ്രഗവൺമെന്റ് സബ്സിഡി കൊടുക്കുന്നതോടൊപ്പം ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാന സർക്കാരും വളത്തിന്റെ ക്രമാതീതമായ വിലവർദ്ധനവ് കണക്കിലെടുത്തുകൊണ്ട് സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കണം. ഈ വരാൻ പോകുന്ന ബഡ്ജറ്റിൽ വളത്തിന് സബ്സിഡിക്കുവേണ്ടി ഒരു തുക മാറ്റിവയ്ക്കണമെന്നാണ് ഞാൻ കൃഷിവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

മറ്റൊന്ന്, കേരളത്തിൽ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ ഇല്ല. അതുകൊണ്ടാണ് നമുക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയാത്തത്. നെൽക്കൃഷി ചെയ്യുന്ന കർഷകർക്കുപോലും ന്യായമായ വരുമാനം കിട്ടാതെ പോകുന്നതിന്റെ കാരണങ്ങളിൽ ഒന്നാണ് അത്. കാർഷിക സർവ്വകലാശാലയെയും മറ്റു ഗവേഷണ സ്ഥാപനങ്ങളെയും ഞാൻ കുറ്റപ്പെടുത്തുന്നില്ല. നല്ലയിനം വിത്തുകൾ വികസിപ്പിച്ചെടുക്കാൻ, കേരളത്തിന്റെ മണ്ണിന് അനുയോജ്യമായ വിത്തുകൾ കണ്ടെത്തി ആ വിത്തുകൾ പൂർണ്ണമായും സൗജന്യമായി കേരളത്തിലെ നെൽകർഷകർക്ക് കൊടുക്കാനുള്ള നടപടി നമ്മുടെ ഗവൺമെന്റ് അടുത്ത സാമ്പത്തിക വർഷം മുതൽ സ്വീകരിക്കണം.

മറ്റൊന്ന്, ഈ സഭയിൽ പലപ്പോഴും വന്നതാണ്. ഡോ. കെ.സി. ജോസഫും ശ്രീ. മാമ്മൻ മത്തായിയുമൊക്കെ ഉന്നയിച്ചതാണ്. കുട്ടനാടൻ മേഖലയിലെ കർഷകർക്കുൾപ്പെടെയുള്ള ഏറ്റവും വലിയ പ്രശ്നമാണ് പമ്പിംഗ് സബ്സിഡി. മൂന്നുവർഷക്കാലമായി കേരളത്തിലെ കുട്ടനാടൻ മേഖലയിലെ, അപ്പർ കുട്ടനാടൻ മേഖലയിലെ ഉൾപ്പെടെ കർഷകർക്കുള്ള പമ്പിംഗ് സബ്സിഡി ഗവൺമെന്റ് കൊടുത്തുതീർക്കാനുണ്ട്. പമ്പിംഗ് പൂർണ്ണമായി സൗജന്യമാക്കണം. എങ്കിൽമാത്രമേ പുഞ്ചപ്പാടങ്ങളിൽ വീണ്ടും കൃഷിയിറക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ പമ്പിംഗ് സബ്സിഡി എന്ന ഓമനപ്പേരിൽ നാലോ അഞ്ചോ വർഷംകഴിഞ്ഞ് കൊടുക്കുന്ന ആ സബ്സിഡിത്തുക മാറ്റി പമ്പിംഗ് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ, കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്താൻ, പൂർണ്ണമായി പമ്പിംഗ് സൗജന്യമാക്കാൻ വരാൻ പോകുന്ന ബഡ്ജറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, കീടനാശിനികളുടെ കാര്യമാണ്. ഇപ്പോൾ മണ്ഡരി കീടബാധയുണ്ടായിക്കഴിഞ്ഞപ്പോൾ ഗവൺമെന്റ് 18 കോടി രൂപ മുതൽമുടക്കിക്കൊണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുതൽമുടക്കിക്കൊണ്ട് അതു നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുകയല്ലേ? നെൽക്കൃഷിമേഖലയിലെ ഏറ്റവും വലിയ പ്രശ്നമായ കുഴൽരോഗമുൾപ്പെടെയുള്ള നാശംവിതക്കുന്ന വിവിധങ്ങളായ രോഗങ്ങൾ തടയാൻ കീടനാശിനികൾ സൗജന്യമായി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അടിയന്തിരമായിട്ട് വരുന്ന വർഷത്തെ ബഡ്ജറ്റിൽ അതിനുള്ള പ്രൊവിഷൻ കണ്ടെത്തണം.

മറ്റൊന്ന് പൊഡക്ഷൻ ബോണസ്സാണ്. പ്രൊഡക്ഷൻ ബോണസ്സിന്റെ തുക ഉയർത്തിയെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. പക്ഷെ പ്രൊഡക്ഷൻ ബോണസ്സും യഥാകാലം കർഷകരുടെ കൈകളിൽ എത്തുന്നില്ലെന്നുള്ളതാണ് സത്യം. ഓരോ വർഷത്തെയും പ്രൊഡക്ഷൻ ബോണസ് ഉൽപ്പാദനം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ മൂന്നുമാസത്തിനുള്ളിൽ വിതരണം ചെയ്യാനുള്ള നടപടി ഈ വരുന്ന സാമ്പത്തികവർഷംമുതൽ സ്വീകരിച്ചെങ്കിൽമാത്രമേ പ്രൊഡക്ഷൻ ബോണസ് ഏർപ്പെടുത്തിയതിന്റെ പ്രയോജനമുണ്ടാവുകയുള്ളൂ. അതുകൊണ്ട് ആ കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ വിള ഇൻഷ്വറൻസാണ്. പ്രകൃതിക്ഷോഭവും കുഴൽരോഗവും ഉണ്ടായപ്പോൾ വിള ഇൻഷ്വറൻസ് ഫലപ്രമല്ല. ജനറൽ ഇൻഷ്വറൻസ് കമ്പനി അവർക്ക് തോന്നിയവർക്കു മാത്രമേ വിള ഇൻഷ്വറൻസ് കൊടുക്കുന്നുള്ളൂ. വിള ഇൻഷ്വറൻസ് കൊട്ടിഘോഷിച്ചു കൊണ്ട് നടപ്പിലാക്കിയ ഒരു സ്കീമാണ്. പക്ഷെ കേരളത്തിലെ നെൽക്കർഷകർക്ക് അതിന്റെ ഒരു പ്രയോജനവുമുണ്ടാകുന്നില്ലെന്നുള്ളതാണ് സത്യം. ഇൻഷ്വറൻസ് മേഖലയിലെ ഒരുപാട് നടപടികളെക്കുറിച്ച് നമ്മൾ വിവാദങ്ങൾ ഉയർത്തുന്നുണ്ടല്ലോ. വിള ഇൻഷ്വറൻസ് എന്നു പറയുന്നത് സർക്കാരിന്റെ കുറെ പണം ഇൻഷ്വറൻസ് കമ്പനികൾക്ക് കൊടുക്കുക, കർഷകർക്ക് ഒന്നും തിരിച്ചുകൊടുക്കാതിരിക്കുക, യഥാർത്ഥത്തിൽ കൃഷി നഷ്ടപ്പെട്ടവർക്ക് ഒരു സഹായവും ലഭിക്കാതിരിക്കുക എന്ന ഇന്നത്തെ സ്ഥിതി മാറ്റി വിള ഇൻഷ്വറൻസ് ഫലപ്രദമാക്കാൻ ഇൻഷ്വറൻസ് അധികൃതരുമായിട്ട് ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാകണം. വിള ഇൻഷ്വറൻസ് യാഥാർത്ഥ്യബോധത്തോടുകൂടി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം.

മറ്റൊന്ന്, ഇപ്പോൾ തൊഴിലാളികളെ കിട്ടുന്നില്ലെന്ന മുറവിളിയുണ്ട്. സ്ത്രീ തൊഴിലാളികളുൾപ്പെടെയുള്ള കർഷകത്തൊഴിലാളികൾക്ക് ജോലി കൊടുത്തുകൊണ്ടുതന്നെ തൊഴിലാളികളുടെ ദൗർലഭ്യമുള്ള മേഖലകളിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തണം. ശ്യാമസുന്ദരൻ നായർ കമ്മിറ്റി എടുത്തു പറഞ്ഞ ഒരു കാര്യമാണ്. സ്ത്രീതൊഴിലാളികൾക്ക് ഉൾപ്പെട്ട തൊഴിൽ നഷ്ടപ്പെടാതെ നെൽക്കൃഷിമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്താൻ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കണം. ഈ യന്ത്രവൽക്കരണം ഏർപ്പെടുത്തുമ്പോൾ മെതിയന്ത്രത്തിന്, കൊയ്ത്ത് യന്ത്രത്തിനുൾപ്പെടെ ഇപ്പോൾ കൊടുത്തിരിക്കുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായെങ്കിൽ മാത്രമേ ഈ യന്ത്രവൽക്കരണം യാഥാർത്ഥ്യമാവുകയുള്ളൂ. അതുകൊണ്ട് യന്ത്രവൽക്കരണം ഏർപ്പെടുത്താനും, കാർഷികോപകരണങ്ങൾക്ക് യന്ത്രസാമഗ്രികൾക്ക് കൂടുതൽ സബ്സിഡി ഏർപ്പെടുത്താനും വരുന്ന വർഷത്തെ ബഡ്ജറ്റിൽ വേണ്ട തുക മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, നെല്ലിന് താങ്ങുവില നിശ്ചയിക്കുക എന്നുള്ളതാണ്. കുട്ടനാടൻ കർഷകരുടെ ഏറ്റവും വലിയ പ്രശ്നമാണ് താങ്ങുവിലയും സംഭരണവും. മതിയായ താങ്ങുവില നെല്ലിന് ഏർപ്പെടുത്തിക്കൊണ്ട് നെല്ല് സംഭരണം ത്വരിതപ്പെടുത്താനും, ഒരുപക്ഷെ കഴിഞ്ഞ വർഷങ്ങളിലെ അനുഭവം വിലയിരുത്തിക്കൊണ്ട് ഈ താങ്ങുവില പ്രഖ്യാപിക്കാനും നെല്ലുസംഭരണം ഊർജ്ജിതമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

വളരെയേറെ കൊട്ടിഘോഷിച്ച, നിരവധി ബഡ്ജറ്റുകളിലും നയപ്രഖ്യാപന പ്രസംഗങ്ങളിലും പറഞ്ഞ, അഞ്ചാറു വർഷക്കാലമായി ഉയർത്തുന്ന ആവശ്യമായ ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ടിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. നെൽക്കൃഷിമേഖലയുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ആ കമ്മിറ്റി യാഥാർത്ഥ്യബോധത്തോടുകൂടി ചില നിഗമനങ്ങളിൽ എത്തിയിട്ടുണ്ട്. ആ റിപ്പോർട്ടിലെ പ്രസക്തമായ കാര്യങ്ങൾ തന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച് പറയുന്നത്. ഇവിടെ നെൽക്കൃഷി മേഖല യുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ, വിവിധങ്ങളായ ഡിപ്പാർട്ടുമെന്റുകളുടെ നിയന്ത്രണത്തിൽ കിടക്കുന്ന ഈ മേഖലയിലെ പ്രശ്ന ങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞതുപോലെ തന്നെ ഒരു നെൽക്കൃഷി വികസനഫണ്ടും പാഡിബോർഡും നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കണം. രണ്ടായിരാമാണ്ടി ലേക്ക് നമ്മൾ പാദമൂന്നാൻ പോകുകയാണ്. രണ്ടായിരാമാണ്ടിൽ, പുതുവർഷ ത്തിൽത്തന്നെ നെൽക്കൃഷിവികസനഫണ്ടും പാഡിബോർഡും നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കുകയും, ഞാൻ ഇവിടെ പറഞ്ഞ സൗജന്യങ്ങൾക്ക്, കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം ഉൾപ്പെടെയുള്ള സൗജന്യ ങ്ങൾക്ക് കേവലം 25 കോടി രൂപ വരുന്ന വർഷത്തെ ബഡ്ജറ്റിൽ മാറ്റിവച്ചാൽ വിസ്തീർണ്ണം കുറയുന്നു, നെല്ലുൽപ്പാദനം കുറയുന്നു, നെൽകർഷകർ ഓടി ഒളിക്കുന്നു, നെൽകർഷകർക്ക് രക്ഷയില്ല എന്ന മുറവിളിക്ക് അവസാനം കുറി ക്കാനും, ഇന്ന് നെൽക്കൃഷി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരെയും കർഷകത്തൊഴിലാളികളെയും ഈ മേഖലയിൽ പിടിച്ചുനിറുത്താനും, ചെറുപ്പ ക്കാരായ നെൽകർഷകരെ ആകർഷിക്കാനും കഴിയും. അതിനുവേണ്ട നടപടി കൾ ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്ലാനിംഗ് ബോർഡുമായിട്ടുള്ള ചർച്ചയിലൂടെ ഇതിനുവേണ്ട 20 മുതൽ 25 കോടി രൂപ കൂടെ വരുന്ന വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാനും, പാഡിബോർഡ് രൂപീകരിച്ചുകൊണ്ട്, നെൽക്കൃഷിവികസനഫണ്ട് സ്വരൂപിച്ചുകൊണ്ട് നെൽ ക്കൃഷിയെ സംരക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

10.00 AM.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാന്യനായ ശ്രീ. എം. മുരളി ഇവിടെ ഉന്നയിച്ചിരി ക്കുന്ന പ്രശ്നങ്ങൾ കേരളത്തിലെ നെൽക്കൃഷിമേഖലയിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്നു വർഷമായിട്ട് നെൽക്കൃഷിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി 23 കോടി രൂപ ഗവൺമെന്റ് ചെലവഴി ച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള പതിനൊന്ന് നെൽക്കൃഷി വിക സന ഏജൻസികൾ വഴി നെൽപ്പാടങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധി പ്പിക്കുന്നതിനും ഈ ഏജൻസികളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലെ നെൽപ്പാ ടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കുമായിട്ടാണ് ഈ 23 കോടി രൂപ ഗവൺമെന്റ് മൂന്ന് സാമ്പത്തികവർഷങ്ങളിലായിട്ട് ചെലവഴിച്ചിട്ടുള്ളത്. ഇതിന്റെ മുഴുവൻ കണക്കും എന്റെ കൈയിൽ ഇല്ല. ജനകീയാസൂത്രണ ത്തിന്റെ ഭാഗമായിട്ട് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേ ഷനുകളും, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമെല്ലാം സഹകരിച്ചുകൊണ്ട് ഈ വർഷംതന്നെ ഏകദേശം 200 കോടി രൂപ ഈ മേഖലയുടെ സംരക്ഷണത്തി നായിട്ട് ചെലവഴിച്ചിട്ടുണ്ടെന്നാണ് ഒരു പ്രാഥമിക റിപ്പോർട്ടിൽ നിന്നും മനസ്സി ലാക്കാൻ കഴിയുന്നത്. ഇത്രയും വമ്പിച്ച തോതിൽ സാമ്പത്തികസഹായം നൽകി ഈ മേഖല സംരക്ഷിക്കപ്പെടുന്നതിന് മുമ്പൊരിക്കലും ചെയ്തിട്ടി ല്ലാത്ത പ്രവർത്തനങ്ങൾ ഗവൺമെന്റും ത്രിതല പഞ്ചായത്തുകളും ചേർന്ന് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ തരിശ് ഇടൽ നമ്മുടെ സംസ്ഥാനത്ത് ഒരു പ്രശ്നമാണ്. തരിശ് ഇടുന്ന കാര്യത്തിൽ ആ നെൽപ്പാട ങ്ങളുടെ ഉടമകളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഒരു പരിശോധന ന ത്തി. വിശദമായിട്ടുള്ള ഒരു പരിശോധനയ്ക്കു വേണ്ടി ഒരു കമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നിയോഗിക്കുകയാണ്. ഈ ഉടമകളിൽ നല്ലൊരു പങ്കും നമ്മുടെ രാജ്യത്തിനകത്തുള്ളവരല്ല. വിദേശത്തുള്ള മലയാളികളാണ് അതിന്റെ ഉടമകളിൽ ഒരു ഭാഗം. മറ്റൊരു ഭാഗം, നമ്മുടെ സംസ്ഥാനത്തുതന്നെ ഗവൺമെന്റ് തലത്തിൽ ഉദ്യോഗസ്ഥന്മാരായിട്ടുള്ള, ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥന്മാരായിട്ടുള്ള, സ്വന്തമായിട്ട് ചെറുകിട വ്യവസായങ്ങളും സാമ്പത്തിക സ്ഥാപനങ്ങളും നടത്തുന്ന ആളുകളാണ്. അവരുടെ ഭൂമിയാണ് ഈ തരിശായി കിടക്കുന്നതിൽ ഭൂരിപക്ഷവും.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാജു)

കൃഷിഭൂമി പ്രത്യേകിച്ചും നെൽപ്പാടങ്ങൾ മൂലധനമായി നിക്ഷേപിക്കാനുള്ള ഒരു ഉപാധിയായി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു അസ്സറ്റായിത്തന്നെ നിലനിറുത്താൻ വേണ്ടിയുള്ള സമീപനം ഒരു വിഭാഗം ആളുകൾ സ്വീകരിച്ചതിന്റെയും ഫലമായിട്ടാണ് അങ്ങനെയൊരു തരിശ്ശിടൽ. അതു പരിപൂർണ്ണമായി ഒഴിവാക്കാനാണ് ഗവൺമെന്റിന്റെ ആഗ്രഹം. അങ്ങനെ തരിശ്ശിടുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം പ്രത്യേകം സംരക്ഷിച്ചുകൊണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് ഒരു കോട്ടവും തട്ടാതെ ഈ കൃഷിഭൂമി കൃഷിയുക്തമാക്കാനുള്ള സംവിധാനങ്ങളെപ്പറ്റി ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ തലത്തിൽ അതിനുള്ള ചർച്ചകൾ ആവശ്യമാണ്. ആവശ്യമായ നിയമോപദേശം തേടേണ്ടതുണ്ട്. ഭൂമിയുടെ ഉടമകൾക്ക് അവരുടെ ഉടമാവകാശം നഷ്ടപ്പെടുകയില്ല എന്ന് പൂർണ്ണമായും അവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് പാടശേഖര സമിതികളോ കർഷകത്തൊഴിലാളികളോ കൃഷിചെയ്യാൻ തയ്യാറുള്ള ചെറുപ്പക്കാരുടെ സംഘങ്ങൾക്കോ തരിശുഭൂമി കൃഷി ചെയ്യാൻവേണ്ടി ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതകളെപ്പറ്റി ആരായുന്നുണ്ട്. ഇപ്പോൾ നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി ഓണാട്ടുകര നെൽക്കൃഷി സംരക്ഷണത്തിനുള്ള ചർച്ചകൾ തുടങ്ങിയിട്ട് ഒരുപാട് വർഷമായി. ഈ ഗവൺമെന്റു വന്നതിനുശേഷമാണ് ഓണാട്ടുകര നെൽക്കൃഷി വികസന ഏജൻസി രൂപീകരിച്ചത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലം അടക്കം ഓണാട്ടുകര വികസന അതോറിറ്റിയുടെ ഭാഗമായി വരുന്നതാണ്. അദ്ദേഹത്തിനുതന്നെ നേരിട്ടറിയാം. നെൽപ്പാടങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരുപ്പൂ കൃഷിയിടങ്ങൾ ഇരിപ്പൂ കൃഷിയിടങ്ങളായി മാറ്റാനായി ജലസംഭരണികളുണ്ടാക്കാനാവശ്യമായിട്ടുള്ള നടപടികളും ചിറകളുണ്ടാക്കാനാവശ്യായിട്ടുള്ള നടപടികളും ബണ്ട് നിർമ്മാണത്തിനുള്ള നടപടികളും കഴിഞ്ഞ രണ്ടു വർഷമായി ഓണാട്ടുകര പ്രദേശത്തു നടന്നുവരികയാണ്. മാത്രമല്ല ഓണാട്ടുകര പുഞ്ചപ്പാടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നെൽക്കൃഷി സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള സംവിധാനങ്ങൾ കൊണ്ടുവരുന്നതിന് 40 കോടി രൂപയുടെ പ്രോജക്ടിന് ഈ ഗവൺമെന്റ് രൂപം കൊടുക്കുകയും നബാർഡുമായി ചർച്ച ചെയ്യുകയും നബാർഡ് 40 കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ച് ഈ വർഷം ഓണാട്ടുകര പുഞ്ചപ്പാടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് പത്തു കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. അതുപോലെ തൃശ്ശൂർ കോൾനിലങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അവ സംരക്ഷിക്കുന്നതിനും 1970-ൽ ആരംഭിച്ച കോൾ വികസന പ്രവർത്തനങ്ങൾ ഈ വർഷം മേയ് 31-ന് പൂർത്തീകരിക്കാൻ പോകുകയാണ്. ഏകദേശം 100 കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കുട്ടനാടൻ നെൽപ്പാടങ്ങളുടെ വികസനത്തിനുവേണ്ടി ഒരു ഏജൻസി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നാം ആഗ്രഹിക്കുന്ന രീതിയിൽ മുന്നോട്ടു പോയിട്ടില്ല. അതു മുന്നോട്ടു കൊണ്ടുപോകുന്നതിന് ഒരു പ്രോജക്ട് ആവശ്യമാണ്. ആ ഏജൻസിയുടെ യോഗം ചേർന്ന് ജനുവരി മൂന്നാം തീയതി കുട്ടനാടൻ നെൽപ്പാടങ്ങളുടെ വികസനത്തിന് ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ പ്രോജക്ട് ചർച്ചചെയ്യാൻ പോകുകയാണ്. ചർച്ചചെയ്ത് അംഗീകരിച്ചുകഴിഞ്ഞാൽ നബാർഡുമായി ബന്ധപ്പെടുത്തിക്കൊണ്ട് കുട്ടനാടിന്റെ വികസനത്തിനാവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറാണ്. കുട്ടനാടൻ നെൽപ്പാടങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കെ.എൽ.ഡി.സി. മുഖേന ബാങ്കുകൾ കൊടുത്ത 40 കോടി രൂപ എഴുതിത്തള്ളിയത് കഴിഞ്ഞ സാമ്പത്തികവർഷമാണ്. വീണ്ടും ആ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുക്കുന്ന നല്ലയിനം വിത്തുകൾ കർഷകരിൽ എത്തുന്നതിന് ഏറെ കാലതാമസമുണ്ടാക്കുന്നുണ്ട്. അത് ഒഴിവാക്കുന്നതിനുവേണ്ടി സർവകലാശാല ഓരോ കാലഘട്ടത്തിലും വികസിപ്പിച്ചെടുക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വളരെ പെട്ടെന്ന് കൃഷിക്കാരിൽ എത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾക്ക് അടക്കം നേതൃത്വം കൊടുക്കുന്നതിന് ഒരു സീഡ് അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അതിനുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിരിക്കുകയാണ്. അപ്പോൾ വിത്തിനുള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. കീടനാശിനി പ്രയോഗത്തിന് 50 ശതമാനവും നീറ്റുകക്ക ആവശ്യമാണെങ്കിൽ അതിന് 50 ശതമാനവും വിത്തിന് അമ്പതു ശതമാനവും സർക്കാർ സബ്സിഡി നൽകുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൃഷിക്കാർക്ക് നൽകിയിരുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ചു കൊണ്ട് പ്രൊഡക്ഷൻ ബോണസ് ഒരു ഹെക്ടറിന് 250 രൂപ നിശ്ചയിച്ചിരുന്നു. അത് 350 രൂപയായി ഉയർത്തിയിട്ടുണ്ട്. അതിനു പുറമെയാണ് വിത്തിനും കീടനാശിനിക്കും നീറ്റുകക്ക ആവശ്യമാണെങ്കിൽ അതിനും സബ്സിഡി കൊടുത്തുവരുന്നത്. അത് തുടർന്നുള്ള വർഷങ്ങളിലും കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വിള ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾത്തന്നെ പ്രാവർത്തികമായിട്ടുണ്ട്. ഇരുപത്തഞ്ചു വിളകൾക്കാണ് സ്റ്റേറ്റ് ഗവൺമെന്റ് വിള ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. അതിൽ നെൽക്കൃഷിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആ ഇൻഷ്വറൻസ് പദ്ധതിയിൽ കൃഷിക്കാർ അംഗമാകാൻവേണ്ട പ്രചരണങ്ങൾ ഗവൺമെന്റ് നടത്തിവരികയാണ്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ കർഷകർ അംഗമാകണം. കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റുമായി രണ്ടുവട്ടം ചർച്ചചെയ്തു. സംസ്ഥാന ഗവൺമെന്റ് അതിൽ അംഗമാകാൻ ആഗ്രഹിക്കുകയും അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ കൂടുതൽ വിശദാംശങ്ങൾ ഒരിക്കൽക്കൂടി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഇപ്പോൾ ഒരു ബ്ലോക്ക് ഏരിയയിൽ നെൽക്കൃഷി കാലവർഷക്കെടുതികൾകൊണ്ടോ കീടങ്ങളുടെ ശല്യം കൊണ്ടോ അറുപതു ശതമാനം നഷ്ടം സംഭവിച്ചാൽ മാത്രമാണ് ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം കിട്ടുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത് ഒരു വ്യക്തി എന്ന നിലയ്ക്ക് കർഷകർക്കുണ്ടാകുന്ന ഇത്തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഉതകുന്ന ഇൻഷ്വറൻസ് പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിക്കേണ്ടത് എന്നാണ്. അത് അംഗീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നില്ല. ഗവൺമെന്റ് അതിനാവശ്യമായിട്ടുള്ള സമ്മർദ്ദങ്ങൾ ചെലുത്തിവരികയാണ്. ഒരു പഞ്ചായത്തിനെയെങ്കിലും വ്യാപകാതിർത്തിയായി കണ്ടുകൊണ്ട് ഈ പദ്ധതിക്ക് രൂപം കൊടുക്കുകയാണെങ്കില്ഡ കുറച്ചുകൂടി സഹായം കർഷകർക്ക് കൊടുക്കാൻ കഴിയും. അതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ കർഷകത്തൊഴിലാളികളുടെ ലഭ്യത പലയിടത്തും കുറഞ്ഞുവരികയാണ്. കുട്ടനാടൻ പ്രദേശങ്ങളിൽ ഇക്കൊല്ലം കാണാൻ കഴിഞ്ഞ പ്രവണത കൊയ്ത്തു കർഷകത്തൊഴിലാളികളുടെ ലഭ്യത വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്. അതിനൊരു പ്രധാനപ്പെട്ട കാരണം അവിടെ മെതിയന്ത്രം വ്യാപകമാക്കിയിട്ടുണ്ട്. ഒരേക്കർ നെൽപ്പാടം ചുരുങ്ങിയത് ഒരു മണിക്കൂർ കൊണ്ട് മെതിച്ചെടുക്കാൻ കഴിയുന്ന പുതിയ തരം മെതിയന്ത്രങ്ങൾ കുട്ടനാടൻ പ്രദേശങ്ങളിൽ വ്യാപകമായതിനെത്തുടർന്ന് കൊയ്യുന്നതിന് തൊഴിലാളികളുടെ ലഭ്യത വർദ്ധിച്ചുവരുന്നുണ്ട്. ആ പ്രദേശത്ത് മെതിയന്ത്രങ്ങൾ വ്യാപകമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുകയാണ്. അതിന് ഉയർന്ന തോതിൽ സബ്സിഡി കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മറ്റു പ്രദേശങ്ങളിലും കൊയ്ത്തു-മെതിയന്ത്രങ്ങൾ പ്രയോഗിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പാലക്കാട്, തൃശ്ശൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഇപ്പോൾ ഒരുമണിക്കൂർ കൊണ്ട് ഒരേക്കർ മെതിച്ച് കൊയ്തെടുക്കാൻ കഴിയുന്ന തരത്തിലുള്ള മെതിയന്ത്രങ്ങൾ സർക്കാരിന്റെ കൈയിലുണ്ട്. ഈ വർഷം തന്നെ പുതിയ പതിനഞ്ചെണ്ണം കൂടി വാങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതു വികസന ഏജൻസികൾ മുഖേന പാടശേഖരങ്ങളിൽ കൊയ്ത്തു-മെതി നടത്താൻ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്തു പലയിടത്തും കൊയ്ത്ത് മെതി യന്ത്രങ്ങൾ ഇതിനകം തന്നെ വാങ്ങിയിട്ടുണ്ട്. ഒന്നു രണ്ടു വർഷത്തിനിടയിൽ നമുക്കാവശ്യമായിട്ടുള്ള പ്രദേശങ്ങളിൽ കൊയ്ത്തു-മെതിയന്ത്രങ്ങൾ വിപുലപ്പെടുത്തിയെടുക്കാൻ കഴിയും. ഇതെല്ലാം ചെയ്യുമ്പോൾ ജോലി ചെയ്യാൻ തയ്യാറായി വരുന്ന ചെറുപ്പക്കാരുടെ തൊഴിൽ നഷ്ടപ്പെടാത്ത വിധത്തിൽ മാത്രമേ യന്ത്രവൽക്കരണം വ്യാപകമാക്കുകയുള്ളൂ. പിന്നെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നു പറഞ്ഞു. അഭൂതപൂർവ്വമായ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ വരുമ്പോഴാണ് ഗവൺമെന്റ് മോറട്ടോറിയം പ്രഖ്യാപിക്കുന്നത്. റവന്യൂ വകുപ്പാണ് ഇതു പ്രഖ്യാപിക്കേണ്ടത്. സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചാൽ ആ സംഘങ്ങളുടെയും ബാങ്കുകളുടെയും പ്രവർത്തനത്തെ സാരമായി ബാധിക്കും. ഇത്തരം പ്രശ്നങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുമായി ആശയവിനിമയം നടത്താൻ തയ്യാറാണ്. അതാണ് എനിക്ക് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

ഇപ്പോൾത്തന്നെ വിരിപ്പു കൃഷിക്കാലത്ത് തറവില നിശ്ചയിച്ച് നെല്ല് ശേഖരത്തിന് ഗവൺമെന്റിന് ഒരു പോളിസിയുണ്ട്. അതിന്റെ ഭാഗമായി വെള്ള അരിയുടെ നെല്ലിന് ഒരു ക്വിന്റലിന് 600 രൂപയും മട്ട അരിയുടെ നെല്ലിന് ഒരു ക്വിന്റലിന് 650 രൂപയുമായിട്ട് ഗവൺമെന്റ് വില നിശ്ചയിച്ചിട്ടുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷനും സഹകരണസംഘങ്ങളും കർഷകരിൽനിന്ന് നെല്ല് ശേഖരിച്ച് അരിയാക്കി, ആ അരി സിവിൽസപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനും നൽകണമെന്നുള്ളതാണ് വ്യവസ്ഥ. അതിനനുസൃതമായി നെല്ല് ശേഖരിക്കുന്നതിനും അരിയാക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഇപ്പോഴുണ്ട്. പക്ഷേ ഈ ഏജൻസികൾ ശേഖരിക്കുന്ന നെല്ല് അരിയാക്കണമെങ്കിൽ സ്വകാര്യ റൈസ് മിൽ ഉടമകളെത്തന്നെ സമീപിക്കണം. അവർ മാർക്കറ്റിൽ വരാത്തതുകൊണ്ടാണ് വിരിപ്പ് കൃഷി കാലത്ത് നെല്ലിന്റെ വില

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞുപോകുന്നത്. അരിയാക്കി തരാനായിട്ട് റൈസ് മിൽ ഉടമകൾ തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ ഏജൻസികൾ ശേഖരിക്കുന്ന നെല്ല് അരിയാക്കുന്നതിനാവശ്യമായ രീതിയിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ മൂന്ന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ നെൽകർഷകമേഖല കുറെക്കൂടി സജീവമാക്കുന്നതിനും കർഷകന് കുറച്ചുകൂടി ഉയർന്ന വരുമാനം ലഭ്യമാക്കുന്നതിനുള്ള സാധ്യതകളുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. മുരളി : സർ, അങ്ങ് പറഞ്ഞ ഓരോ കാര്യങ്ങളേയും ഞാൻ സ്വാഗതം ചെയ്യുന്നു. ഈ പ്രവർത്തനങ്ങളൊക്കെ ത്വരിതപ്പെടുത്തണമെങ്കിൽ ഇതിന് നേതൃത്വം കൊടുക്കണമെങ്കിൽ ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ നെൽ വികസന ഫണ്ടുണ്ടാകണം. അതുപോലെ ഒരു പാഡി ബോർഡുണ്ടാകണം. അതിനെക്കുറിച്ച് അങ്ങ് ഒരു പ്രഖ്യാപനം നടത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾതന്നെ നെൽകൃഷിയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ ഫണ്ടുണ്ട്. അതിന്റെ പോരായ്മയുണ്ടെങ്കിൽ തീർച്ചയായും ഈ കാര്യം ഗവൺമെന്റ് ചർച്ചചെയ്തിട്ട് അടുത്ത സാമ്പത്തിക വർഷത്തേക്കാവശ്യമായി വരുന്ന ഫണ്ട് ഉൾപ്പെടുത്തുന്നതിന് സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഗവൺമെന്റ് ചെയ്യും. അടുത്ത സാമ്പത്തിക വർഷത്തിൽതന്നെ നെൽകൃഷി വികസന ബോർഡ് രൂപീകരിക്കും.

(2) ഇൻഷ്വറൻസ് മേഖലയിലെ സ്വകാര്യവൽക്കരണംമൂലം വികസന പ്രവർത്തനങ്ങളിൽ സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. രാഘവൻ : സർ, കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ ഒരു നടപടിയുടെ ഗൗരവമായ സ്ഥിതിയിലേക്ക് ഞാൻ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. ഇൻഡ്യൻ ജനത ശക്തമായ പ്രതിഷേധത്തെ തൃണവൽഗണിച്ചുകൊണ്ട് കഴിഞ്ഞ ഡിസംബർ 2-ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സഹായത്തോടെ ബി.ജെ.പി. ഗവൺമെന്റ് ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി ബിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായി. ഇൻഷ്വറൻസ് മേഖലയിൽ വിദേശ മുതലാളിമാർക്ക് പങ്കാളിത്തം അനുവദിക്കാൻ വ്യവസ്ഥയുള്ള ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ബിൽ കോൺഗ്രസ്സ് ഇതര പ്രതിപക്ഷ കക്ഷികളുടെ ശക്തമായ പ്രതിഷേധവും വാക്കൗട്ടും അവഗണിച്ചാണ് പാസ്സാക്കിയത്. ഈ ബില്ലിനെതിരെ പതിനഞ്ച് ലക്ഷത്തോളം തൊഴിലാളികൾ ഒപ്പുവെച്ച പരാതിയും അധികൃതർക്ക് സമർപ്പിച്ചിരുന്നു. ആ പരാതിയും അവഗണിക്കപ്പെടുകയാണുണ്ടായത്. ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനും വിദേശ ഓഹരി പങ്കാളിത്തം അനുവദിക്കുകവഴി രാജ്യത്തിന്റെ പരമാധികാരം പണയംവയ്ക്കുകയാണ് ഇൻഡ്യാ ഗവൺമെന്റ് ചെയ്തത്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഇൻഷ്വറൻസ് മേഖലയെ ബഹുരാഷ്ട്രകുത്തകൾക്ക് വിൽക്കുകവഴി നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് വിദേശത്തേക്ക് കൊണ്ടുപോകാനുള്ള വാതിൽ തുറന്നുകൊടുക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly